Notice for Adjournment motion

Uncorrected/Not for publication
16-09-2025

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്**

മി. സ്പീക്കർ: യൂത്ത് കോൺഗ്രസ് ചൊവ്വന്നൂർ മണ്ഡലം പ്രസിഡന്റ് സുജിത്തിനെ കുന്നംകുളം പോലീസ് മർദ്ദിച്ചതായും സംസ്ഥാനത്ത് പോലീസ് ലോക്കപ്പ് മർദ്ദനത്തിന്റെ പരാതികളും തെളിവുകളും പുറത്തുവന്നിട്ടും പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിക്കാൻ തയ്യാറാകാത്തതുമായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി. സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ പ്രശ്നം പുറത്തുവന്നപ്പോൾ, സമൂഹത്തിൽ വലിയതോതിലുള്ള പ്രതികരണങ്ങളുണ്ടായിട്ടുണ്ട്. ചില മാധ്യമങ്ങൾ ഇതിനായി ദിവസങ്ങളോളം സ്പെയ്സ് മാറ്റിവച്ചു. ദൃശ്യമാധ്യമങ്ങൾ ആളുകളെ ക്ഷണിച്ചുവരുത്തി പ്രത്യേക ചർച്ചകൾ നടത്തുന്ന സ്ഥിതിയുമുണ്ടായിട്ടുണ്ട്. അങ്ങനെ സമൂഹം വലിയ

Uncorrected/Not for publication
16-09-2025

തോതിൽ ചർച്ച ചെയ്ത വിഷയമായതുകൊണ്ട് സഭയിലും ചർച്ച ചെയ്യുന്നതാണ് നല്ലത്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....

ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ച നോട്ടീസിലെ ഉന്നയിക്കപ്പെട്ട വിഷയത്തിന്മേൽ ചർച്ച ആകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചതിന്റെയടിസ്ഥാനത്തിൽ അതുസംബന്ധിച്ച ചട്ടം 55 അനുസരിച്ചുള്ള ഉപക്ഷേപം 12.00 മണിക്ക് ചർച്ചയ്ക്കെടുക്കുന്നതാണ്. രണ്ട് മണിക്കൂറായിരിക്കും ചർച്ച.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....

ചട്ടം 50 പ്രകാരമുള്ള ചർച്ച നടത്തുന്ന കാര്യത്തിൽ പതിനഞ്ചാമത് കേരള നിയമസഭ ഒരു സർവകാല റെക്കോർഡ് സ്ഥാപിച്ചിരിക്കുകയാണ്. ഇന്നത്തേതുൾപ്പെടെ പതിനാലാമത്തെ ചർച്ചയാണ് ഈ ചട്ടപ്രകാരം നടക്കുന്നത്. ഒന്നാം കേരള നിയമസഭ മുതൽ പതിനാലാം കേരള നിയമസഭ വരെ ആകെ മുപ്പത് ചർച്ചകൾ മാത്രമാണ് ടി ചട്ടപ്രകാരം കേരള നിയമസഭയിൽ നടന്നത്. ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതൊരു

Uncorrected/Not for publication
16-09-2025

അപൂർവ്വ നേട്ടമായി നമുക്ക് അഭിമാനിക്കാം.

ബഹുമാനപ്പെട്ട അംഗങ്ങൾ സമയകൃത്യത പാലിക്കണം. ശ്രദ്ധ ക്ഷണിക്കൽ ആയാലും സബ്മിഷൻ ആയാലും സമയകൃത്യത പാലിച്ച് ചെയറുമായി സഹകരിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങളും ബഹുമാനപ്പെട്ട മന്ത്രിമാരും തയ്യാറാകണമെന്ന് അഭ്യർഥിക്കുകയാണ്.